**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **12-07-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളത്ത് ഫോർഷോറിലെ ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് എറണാകുളത്ത് ഫോർഷോറിൽ സ്ഥാപിച്ച ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | എറണാകുളം ഫോർഷോർ റോഡിൽ നിലവിലുള്ള 24000 ചതുരശ്ര അടി വിസ്തൃതിയുള്ള മൂന്ന് നില കെട്ടിടം ഗോത്രവർഗങ്ങളുടെ വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായും അവരുടെ പരമ്പരാഗത കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദിയായുമുള്ള ഒരു ട്രൈബൽ മൾട്ടി പർപ്പസ് ഹബ്ബ് എന്ന നിലയിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ടി കെട്ടിടത്തിൽ200 ആളുകൾക്ക് ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയം, ഭക്ഷണത്തിനുള്ള സൗകര്യം, അടുക്കള, ഡോർമിറ്ററി എന്നിവയുമുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിലുള്ള പരിപാടികളും, പരിശീലന പരിപാടികളും നടത്താനുള്ള കേന്ദ്രമാക്കാനും ഇതിന്റെ നടത്തിപ്പിനായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായമായ 1.5 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ 2021-22 കാലയളവിൽ എത്രപേർക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | പട്ടികവർഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകി വരുന്ന ധനസഹായമായ 1.5 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ 2021-22 കാലയളവിൽ 6 പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിന്റെ പരിധിയിൽ വരുന്ന 4 പെൺകുട്ടികൾക്കും പാലക്കാട് ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന 2 പെൺകുട്ടികൾക്കുമാണ് നൽകിയത്. |

സെക്ഷൻ ഓഫീസർ